# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2644</u> <u>27.01.2014-ലെ മറുപടിക്ക്</u>

## <u>സ്വാശ്രയ കോളേജുകളിലെ തലവരിപ്പണവും അനധികൃത സംഭാവനകളും</u>

| <u>ചോദ്യം</u><br>ശ്രീ. എം. എ. ബേബി : | <u>ഉത്തരം</u><br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ വിദ്യാർത്ഥികളിൽ നിന്നും പ്രതിവർഷം തലവരിപ്പണമായി ഈടാക്കുന്ന പണം എത്രയാണെന്ന് അറിയാമോ ; എങ്കിൽ, കണക്കുകൾ ലഭ്യമാക്കുമോ ; | (എ) സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് വിദ്യാർത്ഥികളിൽ നിന്നും തലവരിപ്പണം വാങ്ങുന്നതിന് അനുമതി നൽകിയിട്ടില്ല. |
| (ബി) സർക്കാർ അലോട്ട് ചെയ്ത സീറ്റുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും പ്രതിവർഷം ഈടാക്കുന്ന ഫീസ് എത്രയാണ് ; | (ബി) സർക്കാർ മെറിറ്റ് ക്വാട്ടയിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. കോഴ്സിന് 1,65,000/- രൂപയും ബി.പി.എൽ. എസ്.ഇ.ബി.സി. വിഭാഗങ്ങൾക്ക് 25,000/- രൂപ വീതവും, സഹകരണ മേഖലയിൽ സർക്കാർ മെറിറ്റ് ക്വാട്ടയിൽ എം.ബി.ബി.എസിന് 1,50,000/- രൂപയും, ബി.പി.എൽ വിഭാഗത്തിന് 25,000/- രൂപയും, എസ്.ഇ.ബി.സി. വിഭാഗത്തിന് 45,000/- രൂപയും സർക്കാർ മെറിറ്റ് ക്വാട്ടയിൽ ബി.ഡി.എസിന് 1,20,000/- രൂപയും, ബി.പി.എൽ വിഭാഗത്തിന് 23,000/- രൂപയും എസ്.ഇ.ബി.സി. വിഭാഗത്തിന് 44,000/- രൂപയും, സ്വാശ്രയ ദന്തൽ കോളേജുകളിൽ ബി.ഡി.എസിന് 1,50,000/- രൂപയും, ബി.പി.എൽ വിഭാഗത്തിന് 23,000/- രൂപയും എസ്.ഇ.ബി.സി. വിഭാഗത്തിന് 44,000/- രൂപയും ആയിരുന്നു 2013-14 അദ്ധ്യയന വർഷത്തെ നിരക്കുകൾ. |
| (സി) തലവരിപ്പണമായും അനധികൃത സംഭാവനയായും മറ്റും സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന മൊത്തം തുക എത്ര കോടിയാണെന്ന് അറിയാമോ ; എങ്കിൽ, കണക്കുകൾ ലഭ്യമാക്കുമോ ? | (സി) തലവരിപ്പണം വാങ്ങുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ